
ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്),പാലക്കാട്.





കുഞ്ഞു പ്രതിഭകളെ വാർത്തെടുക്കാൻ
അധ്യാപകർക്ക് ഒരു കൈത്താങ്ങ്.



# ലിറ്റിൽ സ്കോളർ

## എൽ പി

## ഗണിതം

## ശിൽപശാലയിൽ പങ്കെടുത്തവർ

1 രജനി  എസ് നായർ ,എ എൽ പി എസ്,കൊഴിക്കര.

2 അബ്ദുൾ സമദ്,എ എൽ പി നാഗർ പാടം.

3 ധന്യ, എ എം എൽ പി എളേടത്തു മാടമ്പ .

4 ചെന്താമരാക്ഷൻ കെ ജെ ബി എസ്, കുത്തന്നൂർ.

## അക്കാദമിക പിന്തുണ

ഡോ; ബാബു വി ജെ, ലക്ചറർ,ഡയറ്റ് ,പാലക്കാട്.

നിഷ സി, ലക്ചറർ,ഡയറ്റ് ,പാലക്കാട്.

## ആമുഖം

മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങളെ മാറ്റുന്നതിനുള്ള തീവ്രയജ്ഞത്തിൽ ആണല്ലോ നാമെല്ലാവരും. വിദ്യാർഥികളുടെ പഠനനിലവാരം തന്നെയാണ് മികവിന്റെ പ്രഥമവും പ്രധാനവുമായ സൂചകം. അതിനുതകുന്ന ഒരു പദ്ധതിയാണ് പ്രതിഭ പോഷണ പരിപാടി(ലിറ്റിൽ സ്കോളർ) . പ്രതിഭാധനരായി നമ്മുടെ കുട്ടികളെ വളർത്തിയെടുക്കുന്നതിനു ക്ലാസ് റൂം പ്രക്രിയകളിൽ തന്നെയാണുന്നേണ്ടത്. അപഗ്രഥനം ,വിശകലനം,പ്രശ്ന പരിഹരണം, സർഗാത്മകത, വിമർശന ചിന്ത തുടങ്ങി ബുദ്ധിയുടെ ഉയർന്ന ശേഷികളെ നിരന്തരം പ്രയോജനപ്പെടുത്തുമ്പോഴാണ് നമ്മുടെ മസ്തിഷ്കം ക്രിയാത്മകമാകുന്നത്. പഠനപ്രവർത്തനങ്ങൾ അധ്യാപകർ ശാസ്ത്രീയമായും ബോധനശാസ്ത്ര പരമായും ചിട്ടപ്പെടുത്തുമ്പോഴാണ് കുട്ടികൾക്കതിന് അവസരം ലഭിക്കുന്നത്.പ്രതിഭാ പോഷണ പരിപാടിയുടെ ഭാഗമായുണ്ടായ ഈ സമ്പുടം അത്തരത്തിൽ തയാറാക്കപ്പെട്ടതാണ്.മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിൽ ഇത് ഒരു സഹായക ഗ്രന്ഥമാണ്. പക്ഷെ അതിനപ്പുറം പ്രതിഭകളാക്കി കുട്ടികളെ മാറ്റുന്നതിനുള്ള ഒരു പഠന ബോധന സംസ്കാരമാണ് ഇതിന്റെ ദീർഘ ലക്ഷ്യമായി നാം വിഭാവനം ചെയ്യുന്നത്. അധ്യാപകർക്കും കുട്ടികൾക്കും അക്കാദമിക വഴിയിൽ സധൈര്യം സഞ്ചരിക്കാൻ ഇതൊരു കൈത്താങ്ങാകമെന്ന പ്രതീക്ഷയോടെ .........

കെ എം സോമരാജൻ,

പ്രിൻസിപ്പാൾ,

ഡയറ്റ് ,പാലക്കാട്.

## ലിറ്റിൽ സ്കോളർ കൈപ്പുസ്തകത്തിലൂടെ കടന്നു പോവുമ്പോൾ

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതിലൊന്നാണ് മത്സര പരീക്ഷ കൾക്കായി തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ ക്കുള്ള പരിശീലനം.പലപ്പോഴും യാന്ത്രികമായി നടക്കുന്ന ഇത്തരം പരിശീലനങ്ങളും അതിനെ തുടർന്ന് വരുന്ന പരീക്ഷകളിലെ പരാജയവും കുട്ടികളിൽ മാനസിക സംഘർഷം സൃഷ്ടിക്കുന്നതായി കണ്ടതിനാൽ ,പാലക്കാട് ഡയറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതി ആണ് ലിറ്റിൽ സ്കോളർ. പഠന പ്രവർത്തന ങ്ങളോടൊപ്പം തന്നെ തങ്ങളുടെ മുന്നിലുള്ള ഓരോ വിദ്യാർത്ഥികളേയും പ്രതിഭകളാക്കി വളർത്തുന്നത് എങ്ങനെ എന്നതിന് ഒരു ദിശാബോധം നൽകുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഭാഗമായിപാലക്കാട് ജില്ലയിലെ അധ്യാപകർക്ക് പരിശീലനം നൽകി.അതിന്റെ വെളിച്ചത്തിൽ തിരഞ്ഞെടുക്കപ്പെട്ട അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറായ കൈപുസ്തകമാണ് ഇത് ക്ളാസ്സ്റൂം പ്രവർത്തനങ്ങളോടൊപ്പം ഇത്തരം അധിക പ്രവത്തനങ്ങൾ നൽകി എല്ലാ വിദ്യാർത്ഥികളെയും പ്രതിഭകളാക്കി വളർത്തിയെടുക്കാൻ ഇതിലൂടെ സാധിക്കുമെന്ന് കരുതുന്നു.

നാലാംതരത്തിലെ ഗണിത പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട ഏതാനും ചോദ്യങ്ങളും അവയുടെ വിശകലനവുമാണ് ഈ കൈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്.

ലിറ്റിൽ സ്കോളർ പ്രോഗ്രാം കോർഡിനേറ്റർ,
നിഷ സി,ലക്ചറർ,
ഡയറ്റ്,പാലക്കാട്.

# സംഖ്യാബോധം

1. ഏറ്റവും വലിയ നാലക്ക സംഖ്യയും ഏറ്റവും ചെറിയ മൂന്നക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?

2. അപ്പുവിന്റെ സ്കൂൾ ലൈബ്രറിയിൽ 4512 പുസ്തക ങ്ങളാണ് ഉണ്ടായിരുന്നത്. പിറന്നാൾ സമ്മാനങ്ങൾ ആയി കഴിഞ്ഞവർഷം 25 പുസ്തകങ്ങൾ കൂടി ലഭിച്ചു എന്നാൽ ഇപ്പോൾ എത്ര പുസ്തകങ്ങൾ ഉണ്ട്?

3. 8346 ൽ എത്ര പത്തുകൾ ഉണ്ട് ?

8000+300+40+6---8346 ഒന്നുകൾ

8000+346---8 ആയിരം+346 ഒന്നുകൾ

8300+46---83 നൂറ്+46 ഒന്നുകൾ

8340+6----834 പത്ത്+6 ഒന്ന്.

4. മീനുവിന്റെ പ്രവേശന നമ്പർ 1539 ആണ് അവൾക്ക് ശേഷം 18 കുട്ടികൾ കൂടിച്ചേർന്നു എങ്കിൽ പതിനെട്ടാമത്തെ കുട്ടിയുടെ ക്രമനമ്പർ എത്ര?

5. 8,3,6,0 എന്നീ അക്കങ്ങൾ ഉപയോഗിച്ച് എഴുതാൻ കഴിയുന്ന ഏറ്റവും വലിയ സംഖ്യയും ഏറ്റവും ചെറിയ സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?

6. നൂറാമത്തെ ഇരട്ട സംഖ്യ ഏതാണ്?

7. 2021 എങ്ങനെയാണ് റോമൻ സംഖ്യാ സമ്പ്രദായത്തിൽ എഴുതുക?

DIET PALAKKAD

8. 1500 നും 1600 നും ഇടയിലുള്ള ഒരു ഇരട്ട സംഖ്യ ആണ് ഞാൻ .പത്തിൻെ സ്ഥാനത്തെ അക്കം നാലാണ് ഒരക്കം ആവർത്തിക്കുന്നുണ്ട്. ഞാൻ ആരെന്നു പറയാമോ?

ആയിരത്തിന്റെ സ്ഥാനത്ത് ആര്?

നൂറിന്റെ സ്ഥാനത്ത് ആര്?

പത്തിന്റെ സ്ഥാനത്ത്-4

ഒറ്റയുടെ സ്ഥാനത്ത് ആരാവും ?(ഒരക്കം ആവർത്തിക്കണം,ഇരട്ടആവണം.)

9. ഒരു സംഖ്യയോട് 48 കൂട്ടുന്നതിനു പകരം അത് തിരിച്ചു കൂട്ടിയപ്പോൾ കിട്ടിയ ഉത്തരം 3482 ആണെങ്കിൽ ശരിയായ ഉത്തരം എത്ര?

48 നു പകരം എത്ര കൂട്ടി

ആ സംഖ്യ കൂട്ടിയിട്ടാണ് 3482,അപ്പോൾ അത് ഒഴിവാക്കിയാലോ

10. 6000 ലഭിക്കാൻ 600 നോട് എത്ര നൂറുകൾ ചേരണം?

(എത്ര 100 ചേർത്താൽ 1000 ആവും ,പിന്നെ എത്ര ചേർന്നാൽ 6000 ആവും)

11. ഒന്നിനും 99 നും ഇടയിൽ എത്ര ഇരട്ട സംഖ്യകൾ ഉണ്ട്?

12. രമ്യ ഒരു വരിയിൽ മുന്നിൽ നിന്നും പിന്നിൽ നിന്നും35 മതാണ് . എങ്കിൽ ആ വരിൽ എത്രപേരുണ്ട്?

13. 1,4,9,16... ഈ ശ്രേണിയിലെ പത്താമത്തെ സംഖ്യ ഏത്?

14. 8+80+800+8000=----

15. ഒരു പരീക്ഷാകേന്ദ്രത്തിൽ പതിനാലാമത്തെ കുട്ടിയുടെ നമ്പർ 1824 ആയാൽ ഒന്നാമത്തെ കുട്ടിയുടെ നമ്പർ എത്ര?

DIET PALAKKAD

## നീളവും ഭാരവും

1. വ്യത്യസ്തമായത് കണ്ടെത്തു

   (മി.മീ, സെ.മീ, കി.ഗ്രാം, പ്രകാശവർഷം)

2. കൂട്ടത്തിൽ പെടാത്തത് ഏത്?

   (കി.മീ, കി.ഗ്രാം, ടൺ, ക്വിൻറൽ)

3. രണ്ട് കി.ഗ്രാം സ്വർണം ------------ പവന് തുല്യമാണ്

4. അഞ്ച് ടൺ എന്നാൽ -------------- ക്വിൻറൽ

5. കാൽ മീറ്റർ ------------- സെ.മീറ്ററിന് തുല്യമാണ്

6. രണ്ടര ക്വിൻറൽ അരി, 25 കി.ഗ്രാം വീതം നിറക്കാൻ എത്ര ചാക്കുകൾ വേണം?

   ഒരു കിന്റൽ എത്ര ?

   രണ്ട് കിന്റൽ എത്ര ?

   അര കിന്റൽ എത്ര ?

   ആകെ എത്ര ?

   അതിനെ 25 കിലോവീതം ഭാഗിച്ചാലോ ?

7. 8 ടൺ, 4 ക്വിൻറൽ അരിയുണ്ട്. ഇത് പത്ത് ടൺ ആവാൻ എത്ര കി.ഗ്രാം അരി വേണം?

   ഒരു ടൺ എത്ര കി.ഗ്രാം?

   8 ടൺ എത്ര കി.ഗ്രാം ?

   കൂടെ 4 കി.ഗ്രാം കൂടി ആയാലോ?

   ആകെ എത്ര ?

   ഇനി എത്ര ചേർന്നാൽ 10 ടൺ ആവും ?

DIET PALAKKAD

**8. മൂന്ന് മീറ്റർ റിബൺ, അര മീറ്റർ വീതമുള്ള എത്ര കഷ്ണങ്ങൾ ആക്കാം?**

**9. ഒരു വരിയിൽ 40 സെ.മീ അകലത്തിൽ 11 ചെടികൾ നട്ടു. അദ്യത്തെ ചെടിയും, അവസാനത്തെ ചെടിയും തമ്മിലുള്ള അകലമെത്ര മീറ്റർ?**

**10. 50 സെ.മീ നീളമുള്ള 2 പൈപ്പും, 75 സെ.മീ നീളമുള്ള 2 പൈപ്പും യോജിച്ചാൽ എത്ര മീറ്റർ?**

**11. മനോജ് എല്ലാദിവസവും 5000 മീറ്റർ നടക്കാറുണ്ട്, ഈ ജനുവരിയിൽ 1 ദിവസം നടക്കാൻ കഴിഞ്ഞില്ല. എങ്കിൽ ജനുവരിയിൽ എത്ര കി.മീ നടന്നു?**

**എല്ലാദിവസവും നടന്നിരുന്നുവെങ്കിൽ എത്ര കി.മീ ആകുമായിരുന്നു ?**

**1 ദിവസം നടക്കാത്തതുകൊണ്ട് എത്ര കി.മീ കുറവു വന്നു ?**

**12. 6cm വശമുള്ള ഒരു സമചതുരം നിർമിക്കാൻ നൂൽ മുറിച്ചെടുത്തു. ആ നൂൽ കൊണ്ടുതന്നെ തുല്യവശങ്ങൾ ഉള്ള ത്രികോണം ഉണ്ടാക്കി. നൂലിന്റെ ആകെ നീളം എത്ര ?**

DIET PALAKKAD

ത്രികോണത്തിൻറെ ഒരു വശം എത്ര ?

ഒരു മീറ്റർ നീളമുള്ള നൂലാണെങ്കിൽ സമചതുരത്തിന്റെ വശം എത്രയായിരിക്കും ?

13. ഒരു കുപ്പിയിൽ നിറയെ വെള്ളമുണ്ട്. അതിന്റെ ഭാരം 500 g. പകുതി കുടിച്ച കഴിഞ്ഞ് അതിന്റെ ഭാരംനോക്കിയപ്പോൾ 300g.

മുഴുവൻ വെള്ളത്തിന്റെ ഭാരമെത്ര ?

എങ്കിൽ കുപ്പിയുടെ ഭാരം എത്ര?

2kg വെള്ളം കിട്ടാൻ എത്ര കുപ്പി വെള്ളം വേണം ?

ആദ്യം ഭാരം എത്ര?

പകുതി കുടിച്ചപ്പോൾ എത്ര ഭാരം കുറഞ്ഞു

അപ്പോൾ പകുതി വെള്ളത്തിന്റെ ഭാരം?

14. തിരുവനന്തപുരത്തുനിന്നും കണ്ണൂരെത്താൻ 500 കി.മി സഞ്ചരിക്കണം. 150 കി.മി ആയപ്പോൾ കോട്ടയം എത്തി. യാത്ര തുടർന്ന് ഷൊർണൂർ എത്തിയപ്പോൾ 320 കി.മി കഴിഞ്ഞിരിന്നു.

കോട്ടയത്തുനിന്നും ഷൊർണൂരിലേക്ക് എത്ര ദൂരം?

DIET PALAKKAD

ഷൊർണ്ണൂരിൽ നിന്നും കണ്ണൂരിലേക്ക് എത്ര ദൂരമുണ്ട്?

തിരുവനന്തപുരം ---------കോട്ടയം

ഷൊർണ്ണൂർ ---------- കണ്ണൂർ എതാണ് കൂടുതൽ ദൂരം?

തിരുവനന്തപുരം കോട്ടയം ഷൊർണ്ണൂർ കണ്ണൂർ

15. കുടുംബശ്രീ യൂണിറ്റ് നടത്തുന്ന പച്ചക്കറികൃഷി വിളവെടുപ്പ് നടത്തിയപ്പോൾ 1 ക്വിൻറൽ പച്ചക്കറി കിട്ടി

കുമ്പളങ്ങ ------- 40 കി.ഗ്രാം

വെള്ളരി ----------30 കി.ഗ്രാം

കയ്പക്ക ---------- 15 കി.ഗ്രാം

ബാക്കിയുള്ളത് പയർ

അത് എത്ര കി.ഗ്രാം ആയിരിക്കും?

കുമ്പളം, വെള്ളരി ഇവ ഗ്രാമിന് 20 രൂപയും കയ്പക്ക കി.ഗ്രാമിന് 30 രൂപയും പയർ കി.ഗ്രാമിന് 35 രൂപയും ആയാൽ ഇതു മുഴുവൻ വിൽക്കുമ്പോൾ എത്ര രൂപ ലഭിക്കും?

DIET PALAKKAD

## സമയം

1. ഒരു ക്ലോക്കിലെ മണിക്കൂർ സൂചി ഒരു ദിവസം എത്ര പ്രാവശ്യം ഡയലിനു ചുറ്റും കറങ്ങും?

2. ഒരു തീവണ്ടി 6.40 ന് മലപ്പുറത്തു നിന്ന് യാത്ര ആരംഭിച്ചു . 8 മണിക്കൂർ 30 മിനിറ്റ് യാത്ര ചെയ്ത് കൊല്ലത്ത് എത്തിച്ചേർന്നു എത്തിയ സമയം എത്ര?

   8 മണിക്കൂർ കഴിഞ്ഞാൽ സമയം എത്ര ?

   20 മിനുട്ട് കൂടി കഴിഞ്ഞാലോ?

   ഇനി ബാക്കി 10 മിനുട്ട കൂടി കഴിഞ്ഞാലോ ?

3. തൃശ്ശൂരിൽ നിന്ന് 9.45 pm ന് പുറപ്പെടുന്ന ബസ്സ് 5 മണിക്കൂർ 45 മിനിറ്റ് യാത്ര ചെയ്താണ് ആലപ്പുഴയിൽ എത്തിച്ചേരുന്നത്.എന്നാൽ ഒരു ദിവസം 45 മിനിറ്റ് പതിവിലും വൈകിയാണ് ബസ്സ് ആലപ്പുഴയിലെത്തിയെങ്കിൽ ബസ്സ് എത്തിച്ചേർന്ന സമയമെത്ര?

DIET PALAKKAD

തൃശ്ശൂരിൽ നിന്നും പുറപ്പെട്ട സമയം?

എത്ര സമയം യാത്ര ചെയ്തു ?

ആലപ്പുഴ എത്തിയത് എപ്പോഴാവും ?

45 മിനുട്ട് വൈകിയതിനാൽ അന്ന് എത്തിയത് എപ്പോഴാവും ?

4. രാമു 75 മിനിറ്റ് യാത്ര ചെയ്ത് 2.30 pm ന് വീട്ടിലെത്തി. എങ്കിൽ രാജു പുറപ്പെട്ട സമയമെത്ര?

2.30 ന എത്ര മിനുട്ട് മുന്നെയാണ് പുറപ്പെട്ടത് ?

30 മിനുട്ട് മുന്നെ സമയം എന്താവും ?

അതിനു 45 മിനുട്ട മുൻപോ ?

5. 21.10 ന് കണ്ണൂരിൽ നിന്ന് പുറപ്പെടുന്ന തീവണ്ടി 13-25 ന് തിരുവനന്തപുരത്തെത്തുന്നു. യാത്രയ്ക്കെടുത്ത സമയമെത്ര?

6. ജനുവരി 1 ബുധൻ എങ്കിൽ ആ മാസത്തിൽ എത്ര വെള്ളിയാഴ്ചകളുണ്ട്?

7. 2021 ജനുവരി 1 വെള്ളിയാഴ്ചയാണെങ്കിൽ 2021 ഡിസംബർ 31 ഏത് ആഴ്ചയായിരിക്കും?

DIET PALAKKAD

8. ഒരു മാസത്തിലെ അവസാന ബുധനാഴ്ച 31- തിയ്യതി ആണെങ്കിൽ ആദ്യ ചൊവ്വാഴ്ച ഏത് തിയ്യതിയായിരിക്കും?

9. ഒരു മാസത്തിലെ രണ്ട് വ്യാഴാഴ്ചകളുടെ തിയ്യതികളുടെ തുക 9 ആണെങ്കിൽ ആ മാസത്തിലെ 15-ാം തിയ്യതി ഏത് ദിവസമാണ്?

10. ഒരു ബസ്സ് സ്റ്റാൻ്റിൽ നിന്നും ഓരോ 2 മണിക്കൂർ ഇടവിട്ടാണ് ബസ്സ് പുറപ്പെടുന്നത്. ആദ്യത്തെ ബസ്സ് 10.35 am ന് പുറപ്പെടുകയാണെങ്കിൽ 5-മത്തെ ബസ്സ് പുറപ്പെടുന്ന സമയം എത്ര?

11. 2020 ഫെബ്രുവരി 1 ശനിയാഴ്ചയാണെങ്കിൽ 2020 മാർച്ച് 1 ഏത് ആഴ്ചയായിരിക്കും?

DIET PALAKKAD

DIET
LITTLE SCHOLAR

## യൂണിറ്റ് 4


## രൂപങ്ങൾ വരക്കാം .

**1.   64 സെ.മീറ്റർ ചുറ്റളവുള്ള ഒരു സമചതുരത്തിനെ 4 തുല്യഭാഗമാക്കിയാൽ കിട്ടുന്ന സമചതുരത്തിൻ്റെ ചുറ്റളവ് എത്രയാവും ?**

സമചതുരത്തിന്റെ പ്രത്യേകത എന്ത്?

ചുറ്റളവ് എത്ര?

ഒരു വശം എത്ര വരും ?



**2.   ഒരു ചതുരത്തിൻ്റെ ചുറ്റളവ് 42 സെ.മീറ്റർ ആണ് . അതിന്റെ വീതിയിൽ 4 സെ.മീറ്റർ കുറവ് വരുത്തിയാൽ കിട്ടുന്ന ചതുരത്തിൻ്റെ ചുറ്റളവ് എത്രയായിരിക്കും ?**

DIET PALAKKAD

3. 54 സെ മീറ്റർ നീളമുള്ള ഒരു കമ്പി ഉപയോഗിച്ച് നിർമ്മിച്ച 2 സമഭുജ ത്രികോണത്തിൽ ഒന്നിൻെറ ചുറ്റളവ് എത്രയാവും ?

4 . 75 മീറ്റർ നീളവും 50 മീറ്റർ വീതിയുമുള്ള ഒരു ഗ്രൗണ്ടിന് ചുറ്റും എത്ര പ്രാവശ്യം നടന്നാൽ 1 കിലോമീറ്ററാവും ?

5. 1 മീറ്റർ നീളവും 1 മീറ്റർ വീതിയുമുള്ള തുണിക്കു 125 രൂപ വിലവരും .എങ്കിൽ ഇതേ വിലയുള്ള 2 മീറ്റർനീളവും രണ്ടു മീറ്റർ വീതിയുമുള്ള തുണിയുടെ വില എത്ര ആകും?

6. ഇതിൽ എത്ര ത്രികോണങ്ങൾ ഉണ്ട് ?

7. തീപെട്ടിക്കമ്പുകൾ ഉപയോഗിച്ച് ഒരു ചതുരം നിർമ്മിക്കുന്നതിന് നാല് തീപെട്ടിക്കമ്പുകൾ വേണം . എങ്കിൽ മൂന്നു ചതുരങ്ങൾ ഒരുമിച്ചു നിർമ്മിക്കാൻ എത്ര തീപെട്ടിക്കമ്പുകൾ വേണം?

8 . 40 cm ചുറ്റളവുള്ള കമ്പി മുറിച്ചു 2 cm വശമുള്ള എത്ര സമചതുരങ്ങൾ നിർമ്മിക്കാം?

DIET PALAKKAD

9 . 48 cm ചുറ്റളവുള്ള ഒരു സമചതുര കടലാസിന്റെ മൂലകളിൽനിന്നും 1 cm വശമുള്ള സമചതുരങ്ങൾ മുറിച്ചു മാറ്റുന്നു.ശേഷിക്കുന്ന രൂപത്തിന്റെ ചുറ്റളവ് എത്ര ആകും?

10 . 10 cm നീളമുള്ള ഒരു ചതുരത്തിന്റെ തുല്യ ചുറ്റളവുള്ള മറ്റൊരു സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം 8 cm ആണെങ്കിൽ ചതുരത്തിന്റെ വീതിഎത്രആയിരിക്കും?

DIET PALAKKAD

# രൂപങ്ങൾ വരക്കാം

1. എല്ലാ വശങ്ങളും തുല്യമായ ഒരു ത്രികോണത്തിൻെറ ചുറ്റളവ് 27 സെ.മി ആയാൽ അതിന്റെ ഒരു വശത്തിന്റെ നീളമെന്ത്?

2. നാലാം ക്ലാസിലെ ചതുരാകൃതിയായ പച്ചക്കറി ത്തോട്ടത്തിന് 8 മീറ്റർ നീളവും 6 മീറ്റർ വീതിയുമുണ്ട്. അഞ്ചാം ക്ലാസിലെ പച്ചക്കറിത്തോട്ടം 7 മീറ്റർ വശമുള്ള സമചതുരമാണ്.

എ. ഏതുക്ലാസ്സിൻ്റെ തോട്ടത്തിനാണ് ചുറ്റളവ് കൂടുതൽ?

ബി. രണ്ടു തോട്ടങ്ങളുടെയും കൂടി ആകെ ചുറ്റളവ് എത്ര?

സി. ഈ തോട്ടങ്ങൾക്ക് ചുറ്റും കമ്പിവേലികെട്ടണം. ഒരു മീറ്റർ നീളത്തിൽ കമ്പിവേലി കെട്ടാൻ 20 രൂപ ചെലവാകും. രണ്ടു തോട്ടത്തിനു ചുറ്റും ഒരു വരി കമ്പിവേലി കെട്ടാൻ എത്ര രൂപ ചെലവാകും?

DIET PALAKKAD

3. ചുവടെ നൽകിയതിൽ ചതുരത്തിൻെറ സവിശേഷതയല്ലാത്തത് ഏതാണ് ?

എ. നാല് വശങ്ങൾ ഉണ്ട്

ബി. എതിരെയുള്ള വശങ്ങൾ തുല്യമാണ്

സി. നാല് മൂലകൾ ഉണ്ട്.

ഡി. മൂന്ന് വശങ്ങളും തുല്യമാണ്.

4. 24 സെൻറീമീറ്റർ ചുറ്റളവുള്ള ചതുരത്തിന് നീളവും വീതിയും ആകാത്ത അളവുകൾ ഏത്

എ. നീളം 8 സെ.മി വീതി 4 സെ.മി


ബി. നീളം7 സെ.മി വീതി 4 സെ.മി

സി. നീളം 6 സെ.മി വീതി 6 സെ.മി


ഡി. നീളം7 സെ.മി വീതി 5 സെ.മി

5. തന്നിട്ടുള്ള ചിത്രത്തിലെ ത്രികോണങ്ങളുടെ പരമാവധി എണ്ണം എത്ര?

DIET PALAKKAD



6. തന്നിരിക്കുന്ന ചിത്രത്തിൽ എത്ര സമചതുരങ്ങൾ ഉണ്ട്? എത്ര ത്രികോണങ്ങൾ ഉണ്ട്?



ALAKKAD

7. ഒരു മീറ്റർ നീളമുള്ള ഒരു കമ്പി നാലു തുല്യ ഭാഗങ്ങളായി മുറിച്ചാൽ ഓരോ കഷ്ണ ത്തിന്റെ യും നീളം എത്ര?


8 . 9 സെന്റീമീറ്റർ വശങ്ങളുള്ള ഒരു സമചതുര ത്തിന്റെ ചുറ്റളവ് എത്ര?

9. 10 സെന്റീമീറ്റർ നീളവും 9 സെന്റീമീറ്റർ വീതിയുമുള്ള ഒരു ചതുരത്തിൽ നിന്നും മുറിച്ചെടുക്കാവുന്ന ഏറ്റവും വലിയ സമചതുര ത്തിന്റെ ഒരു വശത്തിന് നീളം എത്ര

10. 32 സെന്റീമീറ്റർ ചുറ്റളവുള്ള സമചതുര ത്തിന്റെ ഓരോ മൂലയിൽ നിന്നും ഒരു സെന്റീമീറ്റർ വശമുള്ള സമചതുരങ്ങൾ മുറിച്ചെടുക്കുന്നു ശേഷിക്കുന്ന ഭാഗത്തിന് ചുറ്റളവ് എത്ര

11. ചിത്രത്തിൽ എത്ര സമചതുരങ്ങൾ ഉണ്ട്? എത്ര ത്രികോണങ്ങൾ ഉണ്ട്?

DIET PALAKKAD



DIET PALAKKA

# രണ്ടിലൊന്നും നാലിലൊന്നും

1. 50 ചെടികളിൽ 100 പൂക്കൾ വിരിഞ്ഞു. അതിൽ 1/4 ഭാഗം വാടിപ്പോയി. വാടാത്ത പൂക്കളുടെ എണ്ണമെത്ര?

എന്താണ് കാണേണ്ടത് ?

ആകെ പൂക്കളുടെ എത്ര ഭാഗം വാടി?

ആകെ എത്ര പൂക്കൾ ?

എത്ര ചെടി ഉണ്ട്

ഓരോന്നിലും എത്ര പൂക്കൾ?



ആകെയുള്ളതിനെ 4 ഭാഗം ആക്കി ഒരു ഭാഗം എടുക്കണം.

2. അപ്പു 48 വാഴ നട്ടു. 1/4 ഭാഗം നശിച്ചുപോയി. ബാക്കിയുള്ളതിന്റെ പകുതി കുലച്ചു. കുലച്ച വാഴകൾ എത്ര?

എത്ര വാഴ നട്ടു?

എത്ര നശിച്ചു ?

(48 നെ 4 ഭാഗം ആക്കിയതിൽ ഒന്ന് )

എത്ര കുലച്ചു ?

(ബാക്കി ഉള്ളതിന്റെ പകുതി )

എത്ര ബാക്കി ഉണ്ടായിരുന്നു.

DIET PALAKKAD


3. അനു നട്ട 64 റോസചെടികളിലെ 3/4 ഭാഗം ചെടികളിൽ പൂ വിരിഞ്ഞു. എത്ര ചെടികളിലാണ് പൂ വിരിഞ്ഞത്?

അനു എത്ര റോസ് നട്ടു ?

എത്ര ഭാഗത്തിൽ പൂവിരിഞ്ഞു ?

(64 നെ 4 ഭാഗം ആക്കിയതിൽ 3 ഭാഗം )

4. ഒരു സംഖ്യയുടെ 1/5 ഭാഗം 20 ആണ്. സംഖ്യ ഏതാണ്?




5. 8 മണിക്കൂർ ഒരു ദിവസത്തിന്റെ എത്ര ഭാഗമാണ്?

ഒരു ദിവസത്തിൽ എത്ര മണിക്കൂർ?

അതിൽ നിന്നും എത്ര 8 എടുക്കാം ?

6. 1/4+1/4+1/4+1/4=?

7. 1/2 ന് തുല്യമായത് ഏത്?


(1/4,3/4,2/8,3,6)

8. ഒരു കേക്കിനെ അഞ്ച് സമഭാഗം ആക്കിയതിൽ നാല് ഭാഗത്തെ സൂചിപ്പിക്കുന്ന ഭിന്ന സംഖ്യ ഏത്?

DIET PALAKKAD

9. കുട്ടന്റെ അച്ഛൻ ജോലി കഴിഞ്ഞ് വരുമ്പോൾ 12 മിഠായി കൊണ്ടു വന്നു. അതിൽ 1/2 ഭാഗം കുട്ടൻ കഴിച്ചു ബാക്കിയുള്ളത് 1 /2 ഭാഗം അമ്മയ്ക്കും കൊടുത്തു എങ്കിൽ അച്ഛന് എത്ര മിഠായി കിട്ടിയിരിക്കും?

10. ആശയുടെ വീട്ടിൽ ആശയും ആകാശം അച്ഛനമ്മയും ആണുള്ളത്. ഇവർ ഓരോരുത്തരും ഓരോ അപ്പത്തിന്3/4 ഭാഗം വീതം കഴിക്കണം. നാല് പേർക്കും കൂടി കഴിക്കാൻ ആകെ എത്ര അപ്പം വേണം?



DIET PALAKKAD

11. ഈ ചിത്രം ഒരു സമചതുര കടലാസിനെ കാണിക്കുന്നു. താഴെപ്പറയുന്നവ മുഴുവൻ സമചതുരത്തിന്റെ ഏതുഭാഗം എന്ന് ഭിന്നസംഖ്യ ആയി എഴുതുക


a) വര കൊണ്ട് ഷെയ്ഡ് ചെയ്ത ഭാഗം

b) ചെറിയ സമചതുരങ്ങൾ ആയി ഷേഡ് ചെയ്ത ഭാഗം

c) ഷെയ്ഡ് ചെയ്യാത്ത ഭാഗം

12. ഒരാൾ തന്റെ കൃഷിസ്ഥലം നാല് തുല്യ ഭാഗങ്ങളായി ഭാഗിച്ച് ഓരോ ഭാഗത്തും വഴുതന വെണ്ട മുളക് വെണ്ട ഇവ കൃഷി ചെയ്യുന്നു. വെണ്ട കൃഷി ചെയ്യുന്നത് ആകെയുള്ള അതിന്റെ എത്ര ഭാഗം?

13. ഒരാൾ 28 മൃഗങ്ങളെ വളർത്തുന്നു അതിൽ പകുതിയും ആടുകളാണ്. ആടുകളിൽ പകുതിയും കുട്ടി ആടുകളാണ്. കുട്ടി ആടു കളുടെ എണ്ണം എത്ര?




DIET PALAKKAD

1. 5765,5745,5725,5705,____,_____ഈ പാറ്റേണിലെ

അടുത്ത രണ്ട് സംഖ്യകൾ  എഴുതുക

2. 10,11,14,19,26,____,_____ഈ പാറ്റേണിലെ അടുത്ത

രണ്ട് സംഖ്യകൾ എഴുതുക

3. മാമ്പറ്റ സ്കൂളിലെ കുട്ടികൾ ദുരിതാശ്വാസനിധിയിലേക്ക്

സംഭാവന ചെയ്തതു നോക്കു ക്ലാസിലെ   തുകകൾ താഴെ

കാണിക്കുന്നു

ക്ലാസ്സ് 1  -3650 രൂപ

ക്ലാസ്സ് 2  -2542 രൂപ

ക്ലാസ്സ് 3  -2858 രൂപ

ക്ലാസ്സ് 4  -4179 രൂപ

A, ഏറ്റവും കൂടുതൽ സംഭാവന ചെയ്തതാര്?

DIET PALAKKAD

B,   എങ്കിൽ ഈ തുകകൾ അവരോഹണ ക്രമത്തിൽ എഴുതുക.

5.   രാജു ഒരു ദിവസം 6000 രൂപ ബാങ്കിൽ നിക്ഷേപിച്ചു. അതിൽ 500 രൂപയുടെ 8   നോട്ടുകളും 100 രൂപയുടെ 16 നോട്ടുകളും 50 രൂപയുടെ നാല് നോട്ടുകളും ബാക്കി 20 രൂപ   നോട്ടുകളും ആയിരുന്നു എങ്കിൽ 20 രൂപ നോട്ടുകൾ എത്ര എണ്ണം  ഉണ്ടാകും?

6.   1 ,4, 9,16 ഈ ശ്രേണിയിലെ പത്താമത്തെ സംഖ്യ എത്ര?

7.   1000 എന്ന സംഖ്യ റോമൻ അക്കത്തിൽ എങ്ങനെ എഴുതാം?

8.   ഒരുമണിക്കൂർ എത്ര സെക്കൻഡ് ആണ്?

9.   മീനും കൂട്ടുകാർക്കും പുതിയ  സ്കൂളിൽ തുടർച്ചയായ പ്രവേശന നമ്പർ ലഭിച്ചത് മീനുവിനെ നമ്പർ

DIET PALAKKAD

| പ്രവേശന നമ്പർ | പേര് |
| --- | --- |
| 2999 | മീനു |
|  | രമ്യ |

- രമ്യയുടെ നമ്പർ എത്ര?
- എങ്കിൽ രമ്യക്ക് ശേഷം ചേർന്ന ഇരുപതാമത്തെ കുട്ടിയുടെ പ്രവേശന നമ്പർ എത്ര?

10. രാജുവിന്റെ പിറന്നാൾ 1994 ഫെബ്രുവരി 29 ആണെങ്കിൽ അടുത്ത പിറന്നാൾ ആഘോഷിക്കുന്നത് ഏത് വർഷം?

DIET PALAKKAD

11. 13 *12 =156 ആണെങ്കിൽ ഗുണിച്ച് നോക്കാതെ ഒരു ക്രിയ മാത്രം ചെയ്ത് 13* 11 ഉത്തരം കണ്ടുപിടിക്കുന്നതെങ്ങനെ?

12. ഒരു സംഖ്യയെ 4 കൊണ്ട് ഗുണിക്കുന്നതിന് പകരം 4 കൊണ്ട് ഹരിച്ചപ്പോൾ 20 ഉത്തരം കിട്ടി എന്നാൽ ഗുണിച്ചിരുന്നെങ്കിൽ കിട്ടുന്ന ഉത്തരം എത്ര?

13. ഒരു സംഖ്യയുടെ പകുതി കാണാൻ ആദ്യ സംഖ്യ എത്ര കൊണ്ട് ഹരിക്കണം?

14. 3, 4 ,7, 0 എന്നീ അക്കങ്ങൾ ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ച് എഴുതാവുന്ന ഏറ്റവും വലിയ സംഖ്യയും ഏറ്റവും ചെറിയ സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?

15. രവി 75000 രൂപവിലയുള്ള ഒരു ബൈക്ക് വാങ്ങാൻ തീരുമാനിച്ചു. അതിനുവേണ്ടി ശേഖരിച്ചു വെച്ചിരുന്ന 245 കിലോ റബ്ബർ ഷീറ്റ് ഒരു കിലോഗ്രാമിന് 120 രൂപ നിരക്കിലും

DIET PALAKKAD

75 കിലോ             ചുക്കിന്  ഒരു കിലോയ്ക്ക് 625 രൂപ

നിരക്കിലും വിറ്റു.

സാധനങ്ങൾ വിറ്റപ്പോൾ ആകെ എത്ര രൂപ കിട്ടി?

ഈ തുക ബൈക്ക് വാങ്ങാൻ തികയുമോ?

ബാക്കിയുണ്ടെങ്കിൽ എത്ര?

16 ഉദയപുരം ഗവൺമെന്റ് ഹൈസ്കൂളിൽ 7288 കുട്ടികളുണ്ടായിരുന്നു 599 കുട്ടികൾ ഈ വർഷം പോയി പുതുതായി 1299 കുട്ടികൾ വന്നു .ഇപ്പോൾ സ്കൂളിൽ ആകെ എത്ര കുട്ടികൾ ഉണ്ട് ?

17. സുജ 9850 രൂപക്ക് പുതിയ മൊബൈൽ വാങ്ങി .പഴയ ഫോൺ വിറ്റപ്പോൾ 4975 രൂപയാണ് ലഭിച്ചത് എങ്കിൽ പുതിയ ഫോണിന് ഇനി എത്ര രൂപ ചേർക്കണം ?

18. 1681 എന്ന സംഖ്യയിൽ ഇടത്തെ അറ്റത്തെ ഒന്ന് വലത്തേ അറ്റത്തെ ഒന്നിന്റെ എത്ര മടങ്ങാണ് ?

DIET PALAKKAD

19. താഴെ തന്നിട്ടുള്ളവയിൽ തുടർച്ചയായ മൂന്ന് ഒറ്റ സംഖ്യകളുടെ തുക ആകാൻ സാധ്യതയില്ലാത്ത സംഖ്യ ഏത്?

(1295,8900,3917,

4211)

20. ലയം കുടുംബശ്രീ യൂണിറ്റ് നടത്തിയ പച്ചക്കറി കൃഷിയിൽ നിന്നും ഓഗസ്റ്റ് മാസത്തിൽ ഒക്ടോബർ മാസത്തേക്കാൾ 268 രൂപ കുറവും സെപ്റ്റംബർ മാസം ഓഗസ്റ്റ് മാസത്തേക്കാൾ ഒക്ടോബർ മാസത്തേക്കാൾ 268 രൂപ കുറവും സെപ്റ്റംബർ മാസത്തിൽ ഓഗസ്റ്റ് മാസത്തേക്കാൾ 798 രൂപ കൂടുതലും ഡിസംബർ മാസം 489 രൂപ കുറവും ആണ് ലഭിച്ചത് . ഒക്ടോബർ മാസം 4368 രൂപയാണ് ലഭിച്ചത് എങ്കിൽ ഓരോ മാസത്തെയും പച്ചക്കറി നിന്നുള്ള വരുമാനം പട്ടികപ്പെടുത്താമോ ?

DIET PALAKKAD

നാലു മാസം കൂടി 6100 രൂപ ചെലവ് ആയെങ്കിൽ എത്ര

രൂപ ലാഭം ലഭിച്ചു കാണും?

21.എത്ര നൂറു കൾ ചേർന്നാൽ അഞ്ചക്കമുള്ള ഏറ്റവും

ചെറിയ സംഖ്യ കിട്ടും?

22.ഒരു സംഖ്യയോട് 48 കൂട്ടുന്നതിന് പകരം അത്

തിരിച്ചിട്ട് കൂട്ടിയപ്പോൾ കിട്ടിയ ഉത്തരം 3482

ആണെങ്കിൽ ശരിയായ ഉത്തരം എത്ര?

23).6248+2354=8602 എങ്കിൽ 6250+2352=?

24)23 26 നോട് എത്ര കൂട്ടിയാൽ 5674 കിട്ടും?

25.ഗ്രാമത്തിൽ വ്യാപാരമേള നടക്കുന്നു. സേതുവും റഹിമും

വിൻസെന്റും ചില സാധനങ്ങൾ വാങ്ങാനായി ഒരുമിച്ചാണ്

പോയത്. റഹീമിൻ്റെ കയ്യിൽ 5830 രൂപ സേതുവിന്റെ

കയ്യിൽ 4935 രൂപ വിൻസെൻ്റിൻ്റെ കയ്യിൽ 4895 രൂപ

വീതമുണ്ട്. എങ്കിൽ സേതുവിന്റെ യും റഹീമിൻ്റെയും

DIET PALAKKAD

കയ്യിൽ ആകെ എത്ര രൂപയുണ്ട്? സേതു3700 രൂപക്ക് ടേപ്പ് റെക്കോർഡർ വാങ്ങി. റഹീമിന് ചെറിയ ടിവി വാങ്ങുന്നതിന് സേതു ചെലവാക്കി അതിനേക്കാൾ 323 രൂപ കൂടുതലായി. എങ്കിൽ റഹീം എത്ര രൂപ നൽകി? റഹീമിൻ്റെയും വിൻസെൻ്റിൻ്റെയും കയ്യിലുള്ള ആകെ തുക എത്ര?

സേതുവിൻ്റെ കൈയിലുള്ള രൂപ ?

റഹിമിൻ്റെ കൈയിലുള്ള രൂപ?

സേതുവിൻ്റെയും റഹീമിൻ്റെയും കൈയിലുള്ള രൂപ?

ടേപ്പ് റെക്കോർഡിൻ്റെ വില?

ടി.വി വാങ്ങുന്നതിന് എത്ര രൂപ അധികം നൽകേണ്ടി വരും ?

റഹീം ആകെ നൽകിയത്?

റഹീമിൻ്റെയും വിൻസെൻ്റിൻ്റെയും കൈയിലുള്ള ആകെ രൂപ?

26. രാജ്യമെങ്ങും കോവിഡ് മഹാമാരി പടർന്നു പിടിച്ചിരിക്കുകയാണ്.കേരളത്തിലും കോവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ഡിസംബർ മാസത്തിലെ കോ വിഡ് രോഗികളുടെ ഒരു ശരാശരി കണക്ക് നമ്മുക്ക് പരിശോധിക്കാം

- കേരളത്തിൽ ഡിസംബർ മാസം ആദ്യ ആഴ്ച്ചയിൽരോഗികളുടെ എണ്ണം 3650 ഉം രണ്ടാമത്തെ

DIET PALAKKAD

ആഴ്ച്ചയിൽ 2015 ഉം മൂന്നാമത്തെ

ആഴ്ച്ചയിൽ 1368 ഉം നാലാമത്തെ ആഴ്ച്ചയിൽ 23 15

ഉം ആണ്? ഡിസംബർ മാസത്തിലെ രോഗ

ബാധിതരുടെ എണ്ണം എത്ര?

ഏറ്റവും കൂടുതൽ രോഗബാധിതർ ഏത് ആഴ്ച്ചയിൽ?

ഏറ്റവും കുറവ് എത് ആഴ്ച്ചയിൽ?

പ്രശ്ന വിശകലനം

ആദ്യ ആഴ്ച്ചയിലെ രോഗികളുടെ എ ണ്ണം?

രണ്ടാമത്തെ ആഴ്ച്ചയിലെ രോഗികളുടെ എണ്ണം?

മൂന്നാമത്തെ ആഴ്ച്ചയിലെ രോഗികളുടെ എണ്ണം ?

നാലാമത്തെ ആഴ്ച്ചയിലെ രോഗ ബാ'ധിതർ  ആ കെ

രോഗബാധിതർ

27. ഒരു ഫുട്ബോൾ മത്സരത്തിൻ്റെ ഫൈനൽ കാണാൻ വൻ തിരക്കായിരുന്നു. ടിക്കറ്റെടുത്താണ് ആളുകൾ കളി കണ്ടിരുന്നത്. കസേരക്ക് 25 രൂപയും ഗ്യാലറിയ്ക്ക് ടിക്കറ്റിന് 15 രൂപയും കുട്ടികൾക്ക് 5 രൂപയും ആണ് ടിക്കറ്റ് നിരക്ക്. അപ്പോൾ 24 16 ഗ്യാലറി ടിക്കറ്റുകളും 874 കസേര ടിക്കറ്റും 437 കുട്ടികളുടെ ടിക്കറ്റുകളും ചെലവായി. അന്നത്തെ ആകെ

DIET PALAKKAD

വരുമാനം എത്ര രൂപയാണ് എന്ന് നിങ്ങൾക്ക് കണ്ടെത്താമോ?

പ്രശ്ന വിശകലനം

ഒരു കസേര ടിക്കറ്റിന്റെ നിര ക്ക്?

874 കസേര ടിക്കറ്റിന്റെ  നിര ക്ക്?

ഒരു ഗ്യാലറി ടിക്കറ്റിന്റെ നിരക്ക്?

24 16 ഗ്യാലറി ടിക്കറ്റിൻ്റെ നിരക്ക് ?എങ്കിൽ

കുട്ടികളുടെ ടിക്കറ്റ് നിരക്ക് എങ്ങനെ കണ്ടെത്താം

ആകെ വരുമാനം എങ്ങനെ കണ്ടെത്താം

28 .ഒരു ഫാമിൽ 8 തൊഴുത്തുകളിലായി ആകെ 112 പശുക്കളുണ്ട്.11 കറവക്കാരും 9 മറ്റു തൊഴിലാളികളും ഇവിടെ ജോലി ചെയ്യുന്നു ഒരു ദിവസം

ഓരോ കറവക്കാരനും 550 രൂപാ വീതവും മറ്റ് ഓരോ തൊഴിലാളികൾക്കും 430 രൂപാ വീതവും കൂലി നൽകിവരുന്നു. കൂലിയിനത്തിൽ ഒരു ദിവസം ആകെ എത്ര രൂപ ന ൽ ക ണം?

DIET PALAKKAD

എല്ലാ തൊഴുത്തിലെയും പശുക്കളുടെ എണ്ണം തുല്യമാണ്. എങ്കിൽ ഒരു തൊഴുത്തിൽ എത്ര പശുക്കളുണ്ടായിരിക്കും?

പ്രശ്ന വിശകലനം

ഒരു കറവക്കാരന് 550 രൂപ വെച്ച് 11 കറവക്കാർക്ക് കൊടുക്കേണ്ട കൂലി?

ഒരു തൊഴിലാളിക്ക് 430 രൂപ വെച്ച് 9 പേർക്ക് കൊടുക്കേണ്ട കൂലി?

ഒരു ദിവസം ആകെ കൊടുക്കേണ്ട കൂലി?

29. ഒരു സ്കൂളിലെ 256 കുട്ടികളെ നാലു ഗ്രൂപ്പുകളായി തുല്യമായി വീതിച്ചാൽ ഓരോ ഗ്രൂപ്പിലും എത്ര കുട്ടികൾ വീതം ?

**30. ഒരു സംഖ്യയെ 7 കൊണ്ട് ഗുണിച്ചപ്പോൾ 'ഉത്തരമായി 847 കിട്ടി. സംഖ്യ ഏത്?**

**7 കൊണ്ട് ഗുണിച്ചല്ലേ 847 ആയത്,ഗുണിച്ച 7 നെ തിരിച്ചു ഹരിച്ചാലോ ?**

DIET PALAKKAD